കളക്ടറേറ്റുകളിലെ FO-മാരുടെയും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഒരു യോഗം 28-7-2017-ന് വിളിച്ചുചേർക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കളക്ടറേറ്റുകളിൽ ആസ്തി വികസന പദ്ധതി കൈകാര്യം ചെയ്യുന്നതിലേയ്ക്കായി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണെന്നുൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളും ആവശ്യങ്ങളും ധനകാര്യ വകുപ്പിൽ ഉന്നതതലത്തിൽ പരിശോധിച്ചു വരികയാണ്.

**ജി.എസ്.ടി. പ്രകാരം വില കുറയുന്ന സാധനങ്ങളുടെ പട്ടിക**

7 (2006) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. പ്രകാരം വില കുറയുന്ന സാധനങ്ങളുടെ പട്ടിക സർക്കാർ പുറത്തിറക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സാധനങ്ങളാണ് പ്രസ്തുത പട്ടികയിലുള്ളത്;

(സി) പ്രസ്തുത പട്ടികയിൽ ഉള്ള എല്ലാ സാധനങ്ങൾക്കും ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം വില കുറഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) കോഴിയിറച്ചി എത്ര രൂപയ്ക്കു വിൽക്കാനാണ് സർക്കാർ നിർദ്ദേശം നൽകിയത് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ജി.എസ്.ടി. നിയമപ്രകാരം പ്രധാനപ്പെട്ട നൂറ്റിയൊന്ന് ഉപഭോക്തൃ ഉല്പന്നങ്ങൾക്കുണ്ടായ നികുതി കുറവിന്റെ കണക്കുകൾ പൊതുജന താല്പര്യാർത്ഥം പത്രങ്ങളിൽ പരസ്യപ്പെടുത്തിയിരുന്നു.

(ബി) പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ജി.എസ്.ടി.-യുടെ പ്രാരംഭഘട്ടത്തിൽ നീക്കിയിരുപ്പ് സാധനങ്ങളുടെ വിലയുമായി ബന്ധപ്പെട്ട് ചില അവ്യക്തതകൾ രാജ്യമൊട്ടുക്കും നിലനിന്നിരുന്നു. ഇതിന്മേൽ നൽകിയ നികുതിയിലും ഇൻപുട്ട് ടാക്സ് ലഭ്യമാകുമെന്നും അതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ചും വ്യാപാരികളെ ഉത്ബുദ്ധരാക്കാനുള്ള നടപടികൾ കേന്ദ്രവും സംസ്ഥാനങ്ങളും നടത്തിവരുന്നു. പ്രാരംഭഘട്ടത്തിലെ അവ്യക്തതകൾ മാറുമ്പോൾ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ പ്രയോജനവും മൊത്തം നികുതി നിരക്കിൽ വന്നിട്ടുള്ള വ്യതിയാനവും കണക്കിലെടുത്ത് മിക്ക അവശ്യ സാധനങ്ങൾക്കും വിലക്കുറവ് ഉണ്ടാകാനാണ് സാധ്യത.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല. നിലവിലുണ്ടായിരുന്ന 14.5 ശതമാനം നികുതി പൂർണ്ണമായും ഇല്ലാതായ സാഹചര്യത്തിൽ അതിന്റെ ഗുണം ഉപഭോക്താക്കൾക്ക് ലഭിക്കണമെന്ന് വ്യാപാരികളോട് ആവശ്യപ്പെടുകയും ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

**ജി.എസ്.ടി. നടപ്പിലാക്കുന്നതിന് മുൻപ് നികുതി**

8 (2007) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. നടപ്പിലാക്കുന്നതിന് മുൻപ് 20 ലക്ഷം രൂപ മാസ വരുമാനമുള്ള ഹോട്ടലുകൾക്ക് ഏതെങ്കിലും തരത്തിലുള്ള നികുതി ഉണ്ടായിരുന്നോ; എങ്കിൽ ഏത് നികുതിയായിരുന്നു; അത് എത്ര ശതമാനം എന്ന് വെളിപ്പെടുത്തുമോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ ഹോട്ടലുകളിൽനിന്നും ജി.എസ്.ടി നമ്പർ അടക്കമുള്ള ബില്ല് ഉപഭോക്താക്കൾക്ക് നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വാറ്റ് നിയമപ്രകാരം 10 ലക്ഷം രൂപയ്ക്കുമുകളിൽ വാർഷിക വരുമാനമുള്ള ഹോട്ടലുകൾക്ക് 5% വാറ്റ് അടയ്ക്കണമായിരുന്നു. കൂടാതെ വിറ്റുവരവ് പരിധിയില്ലാതെ അര ശതമാനം കോമ്പൗണ്ടിംഗ് നികുതിയും ഉണ്ടായിരുന്നു. കൂടുതൽ ഹോട്ടലുകളും അത്തരം നികുതിയാണ് അടച്ചുവന്നിരുന്നത്.

(ബി) സ്വീകരിക്കുന്നതാണ്. ജി.എസ്.ടി. നിയമപ്രകാരം രജിസ്ട്രേഷനുള്ള വ്യാപാരികൾ മാത്രമേ നികുതി പിരിക്കാവൂ. കൂടാതെ കോമ്പൗണ്ടിംഗ് നികുതി അടയ്ക്കുന്നവർ നികുതി പിരിയ്ക്കാൻ പാടില്ല. വ്യാപാരികൾക്കും പൊതുജനങ്ങൾക്കും ഇതിനെക്കുറിച്ചുള്ള ബോധവൽകരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇന്റലിജൻസ് വിംഗിന്റെ സേവനവും ഇതിനായി വിനിയോഗിക്കുന്നതാണ്.

**ജി.എസ്.ടി.**

9 (2008) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട-വൻകിട ഹോട്ടലുകളും മറ്റ് സ്ഥാപനങ്ങളും ബില്ലിൽ ജി.എസ്.ടി. ചുമത്തി ഉപഭോക്താക്കളിൽ നിന്നും ഈടാക്കിയ തുകകൾ സർക്കാരിൽ അടയ്ക്കുന്നുണ്ടെന്ന് എങ്ങനെ ഉറപ്പുവരുത്തുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly